"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in

ഇണ്ടാസ് നം: E1-18345/2024/PrHQ ; തീയതി : 19-06-2024

പൊതുഭരണ (ഏകോപന) വകുപ്പിന്റെ 15.06.2024 തീയതിയിലെ സ.ഉ.(കൈ) നം 66/2024/GAD നമ്പർ ഉത്തരവ് അറിവിലേക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

പ്രീത വി എസ്
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്സ് വേണ്ടി

സ്വീകർത്താവ്: **എല്ലാ ജയിൽ സ്ഥാപനമേധാവികൾക്കും**
ജയിലാസ്ഥാനകാര്യാലയത്തിലെ എല്ലാ ഉദ്യോഗസ്ഥർക്കും

Fax & Email

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുഭരണ വകുപ്പ് - അയ്യാവൈകുണ്ഠസ്വാമി ജയന്തി ദിനം തമിഴ്നാട്ടിൽ ആഘോഷിയ്ക്കുന്ന തീയതിയായ മാസി മാസം 20 -ന് തന്നെ കേരളത്തിലും ആഘോഷിയ്ക്കുന്നതിനും, പ്രസ്തുത ദിവസം സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ നാടാർ സമുദായത്തിൽപ്പെട്ട ജീവനക്കാർക്കും അദ്ധ്യാപകർക്കും നിയന്ത്രിതാവധി അനുവദിച്ചുകൊണ്ടും ഉത്തരവാകുന്നത് - സംബന്ധിച്ച്

---

**പൊതുഭരണ (ഏകോപനം) വകുപ്പ്**

സ.ഉ.(കൈ) നം.66/2024/GAD തീയതി, തിരുവനന്തപുരം, 15-06-2024

---

പരാമർശം:-

1. സ.ഉ. (എം.എസ്.) നം 354/2014/പൊഭവ തീയതി 22.12.2014 നമ്പർ സർക്കാർ ഉത്തരവ്
2. അയ്യാ വൈകുണ്ഠസ്വാമിയുടെ ആശയങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിയ്ക്കുന്ന വിവിധ സംഘടനകളിൽ നിന്നും ലഭിച്ചിട്ടുള്ള നിവേദനങ്ങൾ
3. തമിഴ്നാട് സർക്കാരിന്റെ 06.05.2024 തീയതിയിലെ E8927/Misc.2024-3 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

അയ്യാവൈകുണ്ഠസ്വാമിജയന്തിക്ക് എല്ലാ വർഷവും മാർച്ച് 12 -ന് നാടാർ സമുദായത്തിൽപ്പെട്ട സംസ്ഥാന സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും അദ്ധ്യാപകർക്കും പരാമർശം (1) പ്രകാരം നിയന്ത്രിതാവധി അനുവദിച്ചുവരുന്നുണ്ട്. എന്നാൽ അയ്യാവൈകുണ്ഠസ്വാമികളുടെ ജയന്തിക്ക് അവധി അനുവദിച്ചിട്ടുള്ള മാർച്ച് 12 തെറ്റായ തീയതിയാണെന്നും, തമിഴ് മാസമായ മാസി 20 -നാണ് അയ്യാവൈകുണ്ഠസ്വാമി ജയന്തി തമിഴ്നാട്ടിൽ ആഘോഷിക്കുന്നതെന്നും, ആയതിനാൽ അന്നേദിവസം തന്നെ കേരളത്തിലും അവധി നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിരവധി സംഘടനകളിൽ നിന്നും നിവേദനങ്ങൾ ലഭിയ്ക്കുകയുണ്ടായി. ടി സാഹചര്യത്തിൽ സർക്കാർ വിഷയം വിശദമായി പരിശോധിച്ചു.

2. മേൽ വിഷയത്തിന്മേൽ വിശദമായ അഭിപ്രായം അറിയിക്കുവാൻ ആവശ്യപ്പെട്ടുക്കൊണ്ട് സർക്കാർ ബന്ധപ്പെട്ട സംഘടനകൾക്ക് കത്ത് നൽകുകയും, ഭൂരിപക്ഷം സംഘടനകളും അയ്യാവൈകുണ്ഠസ്വാമി ജയന്തി തമിഴ് മാസമായ മാസി-20 -ന് തന്നെ കേരളത്തിലും ആഘോഷിക്കണമെന്ന് അഭിപ്രായപ്പെടുകയുമുണ്ടായി. കൂടാതെ ഇക്കാര്യത്തിൽ കൂടുതൽ വ്യക്തത വരുത്തുന്നതിനായി തമിഴ്നാട് ഗവൺമെന്റിന് കത്തു നൽകുകയും, പരാമർശം (3) പ്രകാരം തമിഴ് മാസം മാസി 20 നാണ് തമിഴ്നാട്ടിൽ അയ്യാവൈകുണ്ഠസ്വാമി ജയന്തിയ്ക്ക് അവധി അനുവദിച്ചുവരുന്നതെന്ന് തമിഴ്നാട് സർക്കാരിൽ നിന്നും ഔദ്യോഗിക മറുപടി ലഭിയ്ക്കുകയും ചെയ്തിട്ടുള്ളതാണ്.

3. ടി സാഹചര്യത്തിൽ, അയ്യാവൈകുണ്ഠസ്വാമി ജയന്തി പ്രമാണിച്ച് മാർച്ച് 12 -ന് നിയന്ത്രിതാവധി പ്രഖ്യാപിച്ചുകൊണ്ടുള്ള പരാമർശം (1) ലെ ഉത്തരവ് റദ്ദാക്കിക്കൊണ്ടും, പകരം തമിഴ്നാട്ടിൽ അയ്യാവൈകുണ്ഠസ്വാമി ജയന്തി ആഘോഷിച്ചുവരുന്ന മാസി 20-ാം തീയതി ഓരോ

വർഷത്തെയും ഇംഗ്ലീഷ് കലണ്ടറിൽ എതുതീയതിയാണെന്ന് നോക്കി ടീ തീയതിയിൽ അയ്യാവൈകുണ്ഠസ്വാമി ജയന്തിയ്ക്ക്, സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ നാടാർ സമുദായത്തിൽപ്പെട്ട ജീവനക്കാർക്കും അദ്ധ്യാപകർക്കും നിയന്ത്രിതാവധി നൽകിക്കൊണ്ടും ഉത്തരവാകുന്നു. അതിൻപ്രകാരം 2025 വർഷം മുതലുള്ള സർക്കാർ കലണ്ടറിൽ അയ്യാവൈകുണ്ഠസ്വാമി ജയന്തിയും നിയന്ത്രിതാവധിയും രേഖപ്പെടുത്തുന്നതായിരിയ്ക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി/ പ്രിൻസിപ്പൽ സെക്രട്ടറി/ സെക്രട്ടറിമാർക്കും
ബഹു. ഗവർണറുടെ സെക്രട്ടറി, രാജ്ഭവൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
എല്ലാ വകുപ്പ് അദ്ധ്യക്ഷന്മാർക്കും
എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെ മേധാവികൾക്കും
എല്ലാ ജില്ലാകളക്ടർമാർക്കും
എല്ലാ സർവ്വകലാശാല രജിസ്ട്രാർമാർക്കും
സെക്രട്ടറി, കേരള നിയമസഭാ സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം)
അഡ്വക്കേറ്റ് ജനറൽ, എറണാകുളം
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം
റസിഡന്റ് കമ്മീഷണർ, കേരള ഹൗസ്, ന്യൂഡൽഹി
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
സെക്രട്ടറി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ഓംബുഡ്സ്മാൻ, തിരുവനന്തപുരം
സെക്രട്ടറി, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, തിരുവനന്തപുരം
സെക്രട്ടറി, കേരള വനിതാ കമ്മീഷൻ, തിരുവനന്തപുരം
സെക്രട്ടറി, കേരള മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം
സെക്രട്ടറി, കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം
സെക്രട്ടറി, സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരള, തിരുവനന്തപുരം
സെക്രട്ടറി, കേരള സംസ്ഥാന കാർഷിക കടാശ്വാസ കമ്മീഷൻ, തിരുവനന്തപുരം
സെക്രട്ടറി, കേരള സ്റ്റേറ്റ് കമ്മീഷൻ ഫോർ ബാക്ക് വേർഡ് ക്ലാസ്സസ്, തിരുവന്തപുരം
ഡയറക്ടർ, വിവരപൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sabu T K
Date: 15-06-2024 17:07:01
സെക്ഷൻ ഓഫീസർ

പകർപ്പ് :

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ചീഫ് സെക്രട്ടറിയുടെ ഒ.എസ്.ഡി. -യ്ക്ക്